## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.101 | 03/02/2020- ൽ മറുപടിക്ക് |
|---|---|

## പ്രളയാനന്തര കേരള പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര കേരള പുനർനിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന് ലഭിച്ച സാമ്പത്തിക സഹായം എത്ര എന്ന് വ്യക്തമാക്കാമോ; | (എ) | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. |
| (ബി)<br><br><br><br><br><br><br><br>(സി) | ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക ലഭ്യമായത്; പ്രസ്തുത തുക ഉപയോഗിച്ച് സർക്കാർ ഇതിനോടകം ആരംഭിച്ച പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;<br><br>ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ആയതിൽ ചെലവഴിച്ച തുകയും പ്രത്യേകം വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | ഇനം തിരിച്ചല്ല, വികസന നയവായ്പയായാണ് ലോകബാങ്ക് തുക അനുവദിച്ചിട്ടുള്ളത്. അനുയോജ്യമായ പദ്ധതികൾ സർക്കാരിനു തന്നെ തീരുമാനിക്കാവുന്നതാണ്. ഈ തുക ഉപയോഗിച്ച് നടപ്പാക്കുന്നതിനായി വിവിധ വകുപ്പുകളിലായി 1865 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ശേഷിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; ആയത് എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | ഓരോ വകുപ്പുകളും സമർപ്പിക്കുന്ന പുനർനിർമാണ പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ